# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 13 | 2022 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com

### ഭക്തർക്ക് അയ്യപ്പന് നേർച്ചയായി അമൂല്യ രത്നങ്ങൾ പതിപ്പിച്ച സ്വർണ കരീടം

കോവിഡ് മഹാമാരിയിൽ നിന്നും ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയതിന് നന്ദി സൂചകമായി അയ്യപ്പന് സ്വർണകിരീടം സമർപ്പിച്ച് ആന്ധ്രാ സ്വദേശി. കർണൂൽ ജില്ലക്കാരനായ ബ്യുസിനസുകാരൻ മാറം വെങ്കിട്ട സുബ്ബയ്യയാണ് അമൂല്യ രത്നങ്ങൾ പതിപ്പിച്ച സ്വർണ കിരീടം ഭഗവാന് കാണിക്കയായി സമർപ്പിച്ചത്.

സന്നിധാനത്ത് 30 വർഷമായി മുടങ്ങാതെയെത്തി അയ്യപ്പനെ തൊഴുതു വണങ്ങിയിരുന്ന ഭക്തനായിരുന്നു വെങ്കിട്ട സുബ്ബയ്യ. അടുത്തിടെ കൊറോണ മൂർഛിച്ച് ഇദ്ദേഹം 15 ദിവസത്തോളം ഐ സി യു വിൽ മരണവുമായി മല്ലിട്ടു. ആശുപത്രികിടക്കയിൽ ആശ്വാസവുമായി അയ്യപ്പ സ്വാമി എത്തിയെന്നും തന്നെ ജീവിതത്തിലേക്ക് കൈപിടിച്ച് നടത്തിയെന്നുമാണ് സുബ്ബയ്യ വിശ്വസിക്കുന്നത്.

അന്ന് നേർന്നതാണ് ഈ സ്വർണ കിരീടം. പിന്നീട് കേരളത്തിലെ ഹൈക്കോടതി അഭിഭാഷകനായ ലൈജു റാമിന്റെ സഹായത്തോടെ ശബരിമല അധികൃതരുമായി ബന്ധപ്പെട്ടാണ് കിരീട സമർപ്പണത്തിന് അവസരമൊരുങ്ങിയത്.

## കാണാതായി

പാലക്കാട് സ്വദേശി തങ്കമണി സി സി എന്നയാളെ കഴിഞ്ഞ ഞായർ മുതൽ ശബരിമല സന്നിധാനത്തു നിന്നും കാണാതായതായി പൊലീസ് അറിയിച്ചു. ക ു കിട്ടുന്നവർ 04735 202014, 9497908289, 9497980229 എന്നീ നമ്പരുകളിൽ അറിയക്കണം.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.